(رحمه الله)

അതിൽ നടക്കുക മാത്രം ചെയ്യുന്നവനായിരിക്കുമെന്നും നബി صلى الله عليه وسلم അറിയിച്ചിട്ടുണ്ട്. ഒരാളുടെ
കാലഘട്ടത്തിൽ കുഴപ്പങ്ങൾ ഉടലെടുക്കുകയും അവൻ്റെ പക്കൽ അതിൽ നിന്ന് ഒഴിഞ്ഞു നിൽക്കാൻ
കഴിയുന്ന ഒരു അഭയസ്ഥാനം ഉണ്ടായിരിക്കുകയുമാണെങ്കിൽ അവൻ അവിടെ അഭയം തേടട്ടെ എന്ന് നബി صلى الله عليه وسلم
ഉപദേശിക്കുന്നു. ആർക്കെങ്കിലും മേയ്ക്കാൻ ഒട്ടകമുണ്ടെങ്കിൽ അവൻ തൻ്റെ ഒട്ടകത്തിൻ്റെ
അടുത്തേക്ക് പോകട്ടെ. ആർക്കെങ്കിലും ആടുമാടുകളുണ്ടെങ്കിൽ അവൻ അതിനെ മേയ്ച്ചു
നടക്കട്ടെ. ആർക്കെങ്കിലും കുറച്ച് ഭൂപ്രദേശമോ കൃഷിയിടമോ ഉടമസ്ഥതയിലുണ്ടെങ്കിൽ അവൻ
തൻ്റെ സ്ഥലത്ത് ഒതുങ്ങിയിരിക്കട്ടെ. അപ്പോൾ സ്വഹാബികളിൽ ഒരാൾ ചോദിച്ചു:
അല്ലാഹുവിൻ്റെ റസൂലേ! ഒരാൾക്ക് അഭയം തേടാൻ ഒട്ടകങ്ങളോ ആടുമാടുകളോ ഭൂമിയോ
ഇല്ലെങ്കിൽ അവൻ്റെ കാര്യം എന്താണ്? നബി صلى الله عليه وسلم പറഞ്ഞു: "അവൻ തൻ്റെ ആയുധം എടുത്ത് അത് ചതച്ച്
ഒടിച്ചു കളയട്ടെ. ശേഷം അവൻ ഓടിരക്ഷപ്പെടുകയും തന്നെയും തൻ്റെ മക്കളെയും
രക്ഷപ്പെടുത്താൻ സാധിക്കുമെങ്കിൽ അതിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്യട്ടെ." ശേഷം
നബി صلى الله عليه وسلم അല്ലാഹുവിനെ സാക്ഷി നിർത്തി കൊണ്ട് മൂന്ന് തവണ ഇപ്രകാരം പറഞ്ഞു: "അല്ലാഹുവേ! ഞാൻ
നിൻ്റെ സന്ദേശം എത്തിച്ചു നൽകിയില്ലേ?! അല്ലാഹുവേ! ഞാൻ നിൻ്റെ സന്ദേശം എത്തിച്ചു
നൽകിയില്ലേ?! അല്ലാഹുവേ! ഞാൻ നിൻ്റെ സന്ദേശം എത്തിച്ചു നൽകിയില്ലേ?!" അപ്പോൾ ഒരാൾ
ചോദിച്ചു: "അല്ലാഹുവിൻ്റെ റസൂലേ! മുസ്ലിംകൾക്കിടയിൽ സംഭവിച്ച കുഴപ്പത്തിൽ പരസ്പരം
പോരടിക്കുന്ന രണ്ട് കക്ഷികളിലോ രണ്ട് അണികളിലോ ഏതെങ്കിലുമൊന്നിൽ ചേരാൻ ഞാൻ
നിർബന്ധിക്കപ്പെട്ടാലോ?! തൻ്റെ ആയുധം കൊണ്ട് ഒരാൾ എന്നെ അക്രമിക്കുകയും, ആ
കുഴപ്പത്തിൽ എയ്യപ്പെട്ട ഒരു അമ്പ് എന്നെ കൊലപ്പെടുത്തുകയും ചെയ്താലോ?!" നബി صلى الله عليه وسلم
പറഞ്ഞു: "അവൻ തൻ്റെ സ്വന്തം തിന്മകളും അവൻ വധിച്ചവരുടെ തിന്മകളും വഹിച്ചു കൊണ്ട്
അന്ത്യനാളിൽ വന്നെത്തുകയും, നരക്കാരിൽ ഉൾപ്പെടുകയും ചെയ്യുന്നതാണ്."
https://www.sunnah.global/hadeeth/ml/show/66383